**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2512 | 06.12.2018-ലെ മറുപടിയ്ക്ക്

**<u>ഭിന്നശേഷിക്കാരുടെ കായിക മികവ് പ്രോത്സാഹിപ്പിക്കാനായി പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഭിന്നശേഷിക്കാർക്കുള്ള ഒളിംപിക്സ് ഉൾപ്പെടെ രാജ്യാന്തരമത്സരങ്ങളിലും വിവിധ ദേശീയ മത്സരങ്ങളിലും കേരളത്തിൽ നിന്നുള്ള ഭിന്നശേഷിക്കാർ മികച്ച പ്രകടനം കാഴ്ചവെച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ഭിന്നശേഷിക്കാരുടെ കായിക മികവ് പ്രോത്സാഹിപ്പിക്കുന്നതിനായി ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും അംഗപരിമിതർക്കായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് കൗൺസിൽ ഓഫ് ഡഫ് എന്ന കായിക സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സംഘടനയെ പ്രതിനിധീകരിച്ച് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കും, സ്പെഷ്യൽ ഒളിമ്പിക്സ്/ഏഷ്യൻ പസഫിക് സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത കായിക താരങ്ങൾക്കും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. |
| (ബി) | ഭിന്നശേഷിക്കാരുടെ കായിക മികവ് പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഭിന്നശേഷിക്കാർക്കായി പ്രത്യേക കായിക വിദ്യാഭ്യാസ പരിപാടി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**